പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3491

08.11.2019-ൽ മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാല നടത്തുന്ന അക്കാദമിക് ആഡിറ്റ്

*ചോദ്യം*

ശ്രീ.ഡി.കെ. മുരളി
ശ്രീ. എ. എൻ. ഷംസീർ
ശ്രീ. എം. സ്വരാജ്
ശ്രീ. ബി.സത്യൻ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ പഠനത്തിന്റെയും സാങ്കേതിക സംവിധാനത്തിന്റെയും ഗുണനിലവാരം വിലയിരുത്തുന്നതിനും ഉയർത്തുന്നതിനും അക്കാദമിക് ആഡിറ്റ് നടത്തുന്നതിന് സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം വിഷയങ്ങളിലാണ് ആഡിറ്റ് നടത്തുകയെന്നും ആഡിറ്റ് നടത്താൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളവരുടെ യോഗ്യത/മാനദണ്ഡം എന്താണെന്നും അറിയിക്കുമോ; | (ബി) | എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങൾ അനുസരിച്ച് വിവിധ വിഷയങ്ങളിലുള്ള അധ്യാപക ലഭ്യത, അധ്യാപക യോഗ്യതകൾ, യൂണിവേഴ്സിറ്റി കലണ്ടർ പ്രകാരമുള്ള അധ്യയന വർഷങ്ങളുടെ ലഭ്യത, അക്രെഡിറ്റേഷൻ, ഇന്റേർണൽ പരീക്ഷകളുടെ നടത്തിപ്പും സുതാര്യതയും, വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ, പരീക്ഷണശാലയുടെ നവീകരണവും ഉപയോഗവും, ലൈബ്രറി ഇന്റർനെറ്റ് സംവിധാനങ്ങൾ, കോളേജിന്റെ അക്കാഡമികവും ഭരണപരവുമായ നേതൃത്വം, പഠന |

| | | | |
|---|---|---|---|
| | | | അന്തരീക്ഷം, അച്ചടക്കം, പരാതി പരിഹാര സംവിധാനങ്ങൾ, വിദ്യാർത്ഥി കേന്ദ്രീകൃത നവീന പാഠ്യ രീതികൾ, ഓൺലൈൻ കോഴ്സുകളിലെ വിദ്യാർത്ഥി പങ്കാളിത്തം, വിദ്യാർത്ഥികളുമായുള്ള അഭിമുഖം, പ്ലേസ്മെന്റ് തുടങ്ങി ഇരുപതോളം ഘടകങ്ങളാണ് പ്രധാനമായും വിലയിരുത്തപ്പെടുക. പത്ത് വർഷത്തിലധികം അദ്ധ്യാപന പരിചയമുള്ള അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകരെയാണ് ഓഡിറ്റ് നടത്താൻ നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | അക്കാദമിക് ആഡിറ്റിലെ കോളേജുകളുടെ നിലവാരവും റാങ്കിംഗും ഭാവിയിൽ കോളേജുകളുടെ അഫിലിയേഷനുള്ള മാനദണ്ഡമായി പരിഗണിക്കാൻ ആലോചിക്കുന്നുണ്ടോ; | (സി) | വരും വർഷം മുതൽ അക്കാഡമിക് ഓഡിറ്റിംഗിലെ കോളേജുകളുടെ നിലവാരവും റാങ്കിങ്ങും സ്ഥാപനത്തിന്റെ അഫിലിയേഷനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുന്നത് സർവകലാശാലയുടെ പരിഗണനയിലുണ്ട്. |
| (ഡി) | പ്രസ്തുത ആഡിറ്റിന്റെ ഇതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിൽ കോളേജ് മാനേജ്മെന്റുകളുടെ സമ്പൂർണ്ണ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | ഉണ്ട്. ഓഡിറ്റിങ്ങിനായി ഒരു ഓൺലൈൻ സംവിധാനവും സർവകലാശാല ഒരുക്കിയിട്ടുണ്ട്. ഓഡിറ്റർമാർ ഓൺലൈൻ ആയി സർവകലാശാലയ്ക്ക് സമർപ്പിക്കുന്ന വിവരങ്ങൾക്ക് അനുബന്ധമായി കോളേജ് പ്രിൻസിപ്പൽമാർക്കും അഭിപ്രായം രേഖപ്പെടുത്താം. അതിനു ശേഷമാണ് സർവകലാശാല അന്തിമ തീരുമാനം എടുക്കുക. |

സെക്ഷൻ ഓഫീസർ